"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് -എക്സൈസ് -ഭരണപരം -2025-26 സാമ്പത്തിക വർഷത്തേയ്ക്ക് എക്സൈസ് വകുപ്പിന് അനുവദിച്ചിട്ടുള്ള പദ്ധതി ഇനങ്ങൾക്ക് -ഭരണാനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ് )വകുപ്പ്**

സ.ഉ.(കൈ) നം.56/2025/TAXES തീയതി,തിരുവനന്തപുരം,16-06-2025

---

പരാമർശം:-

1. എക്സൈസ് കമ്മീഷണറുടെ 22.04.2025 ലെ ഇ.എക്സ്.സി/4580/2024 -എക്സ്.എഫ്.ബി1 നമ്പർ കത്ത്.
2. 7.11.2024 തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നം.157/2024/ധന നമ്പർ ഉത്തരവ്
3. 23.05.2025 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിലെ തീരുമാനം.

**<u>ഉത്തരവ്</u>**

എക്സൈസ് വകുപ്പിന് ''2039- സ്റ്റേറ്റ് എക്സൈസ്'' എന്ന ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം എക്സൈസ് വകുപ്പിന്റെ നവീകരണം, ട്രാക്ക് ആന്റ് ട്രെയ്സ്, വിമുക്തി, സംസ്ഥാന എക്സൈസ് അക്കാഡമിയുടെയും ഗവേഷണകേന്ദ്രത്തിന്റെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നീ നാല് സ്കീമുകളിലായി 20.3914 കോടി രൂപ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ളതാണ്. ട്രാക്ക് ആന്റ് ട്രെയ്സ് പദ്ധതി നടപ്പിലാക്കുന്നതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരള (DUK) സമർപ്പിച്ച 25.20 ലക്ഷം രൂപയുടെ പദ്ധതിക്ക് 2022-ൽ സർക്കാർ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ടി പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുവാൻ ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരളക്ക് സാധിക്കാത്തതിനാൽ, തുടർന്ന് 21.16 കോടി രൂപയുടെ പുതുക്കിയ പ്രൊപ്പോസൽ DUK സമർപ്പിക്കുകയും ,ആയത് cost effective അല്ലാത്തതിനാൽ ട്രാക്ക് ആന്റ് ട്രെയ്സ് പദ്ധതി ഡ്രോപ് ചെയ്യുന്നതിനായി സർക്കാരിൽ എക്സൈസ് കമ്മീഷണർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

2. ട്രാക്ക് ആന്റ് ട്രെയ്സ് പദ്ധതി ഒഴിവാക്കി, വർക്കിംഗ് ഗ്രൂപ്പ് അനുമതി നൽകേണ്ട 2022 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിലേയ്ക്കായി പരാമർശം (1) പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ സമർപ്പിക്കുകയുണ്ടായി.ആയതിന്റെ സംക്ഷിപ്തരൂപം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പദ്ധതിവിഹിതം (ലക്ഷത്തിൽ) |
|---|---|---|
| 1 | എക്സൈസ് വകുപ്പിന്റെ നവീകരണം 2039-00-001-94 | 785 |
| | | |

| | | |
|---|---|---|
| 2 | വിമുക്തി<br>2039-00-001-88 | 1200 |
| 3 | സംസ്ഥാന എക്സൈസ് അക്കാഡമിയുടെയും ഗവേഷണകേന്ദ്രത്തിന്റെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ<br>2039-00-800-96 | 37 |
| | **ആകെ** | **2022** |

3. മേൽ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ, 23.05.2025-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം എക്സൈസ് കമ്മീഷണർ ലഭ്യമാക്കിയ പ്രൊപ്പോസൽ വിശദമായി പരിശോധിക്കുകയും, എക്സൈസ് വകുപ്പിന്റെ നവീകരണം എന്ന കമ്പോണന്റിൽ ഉൾപ്പെട്ടിട്ടുള്ള വാഹനം വാങ്ങൽ എന്ന പ്രവൃത്തിയ്ക്ക് വാഹനങ്ങൾ വാങ്ങുന്നതിന് 400 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ, ദക്ഷിണ മേഖല മൊബൈൽ ലിക്വർ ലാബ് ബസ് ഉൾപ്പെടെ പൂർണ്ണമായും മാറ്റി പുതിയ ലാബ് സ്ഥാപിക്കുന്നതിലേയ്ക്കായി 100ലക്ഷം രൂപയുടെ വിശദമായ പ്രൊപ്പോസൽ എന്നിവ ലഭ്യമാക്കി ധനവകുപ്പിന്റെ അനുമതിയോടെ മന്ത്രിസഭായോഗത്തിന്റെ അനുമതിയ്ക്ക് വിധേയമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും, എക്സൈസ് വകുപ്പിന്റെ നവീകരണം എന്ന കമ്പോണന്റിൽ തന്നെ ഉൾപ്പെട്ടിട്ടുള്ള റേഞ്ച് ഓഫീസുകൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പ്രവൃത്തിയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പർച്ചേസുകൾ പരാമർശം (2) പ്രകാരം സർക്കാർ അനുമതിക്ക് വിധേയമായി നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതിനും, വിമുക്തി കമ്പോണന്റിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ മാധ്യമങ്ങളിലൂടെ പ്രചാരണം (അച്ചടി/ദൃശ്യ/ശ്രാവ്യ മാധ്യമങ്ങൾ, '(KSRTC/Railway/Malls/സോഷ്യൽ മീഡിയ,etc...... ) എന്ന പ്രവൃത്തിയ്ക്ക് ഐ&പി.ആർ.ഡി നിരക്കുകൾക്കുപരിയായി മറ്റ് നിരക്കുകൾ സ്വീകരിക്കുന്നുണ്ടെങ്കിൽ സർക്കാർ അനുമതി തേടണം എന്ന നിബന്ധനയോടെ ടി പ്രവൃത്തിയ്ക്ക് അനുമതി നൽകാവുന്നതാണെന്നും വർക്കിംഗ് ഗ്രൂപ്പ് യോഗം തീരുമാനിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-26 സാമ്പത്തിക വർഷത്തേയ്ക്ക് എക്സൈസ് വകുപ്പിന് '2039- സ്റ്റേറ്റ് എക്സൈസ്' എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ 23.05.2025- ന് കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം ശിപാർശ ചെയ്ത പ്രകാരം വാഹനങ്ങൾ വാങ്ങൽ (400 ലക്ഷം), റേഞ്ച് ഓഫീസുകൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (25 ലക്ഷം), മൊബൈൽ ലിക്വർ ലാബ് റീപ്ലേസ് ചെയ്യൽ (100 ലക്ഷം )എന്നീ ഇനങ്ങൾക്ക് ഭരണാനുമതി നൽകുന്നതിനായി പ്രത്യേകം പ്രൊപ്പോസലുകൾ എക്സൈസ് കമ്മീഷണർ സമർപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയോടെ ഈ മൂന്ന് ഇനങ്ങൾ ഒഴിവാക്കിയും, വിമുക്തി കമ്പോണന്റിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ മാധ്യമങ്ങളിലൂടെ പ്രചാരണം (അച്ചടി/ദൃശ്യ/ശ്രാവ്യ മാധ്യമങ്ങൾ, '(KSRTC/Railway/Malls/സോഷ്യൽ മീഡിയ,etc......) എന്ന പ്രവൃത്തിയ്ക്ക് ഐ&പി.ആർ.ഡി നിരക്കുകൾക്കുപരിയായി മറ്റ് നിരക്കുകൾ സ്വീകരിക്കുന്നുണ്ടെങ്കിൽ സർക്കാർ അനുമതി തേടണം എന്ന വ്യവസ്ഥയോടെയും, ചുവടെ പരാമർശിച്ചിട്ടുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

<u>I.എക്സൈസ് വകുപ്പിന്റെ നവീകരണം</u>

2039-00-001-94

| ക്രമ നമ്പർ | ഇനം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | എൻഫോഴ്‌സ്‌മെന്റ് ഉപകരണങ്ങൾ | 10 |
| 2 | ചെക്ക്പോസ്റ്റുകളുടെ നവീകരണം | 30 |
| 3 | മയക്കു മരുന്ന് ഉപഭാഗം കണ്ടെത്തൽ കിറ്റ് | 10 |
| 4 | സൈബർ സെൽ നവീകരിക്കൽ | 5 |
| 5 | ഐ.ടി വിഭാഗത്തിന്റെ ശാക്തീകരണം | 15 |
| 6 | എക്സൈസ് ചെക്പോസ്റ്റുകളിൽ FTTH കണക്ഷനും കൺട്രോൾ റൂമിലേക്ക് ILL കണക്റ്റിവിറ്റിയും ഏർപ്പെടുത്തൽ | 20.03 |
| 7 | 86 എക്സൈസ് റേഞ്ച് ഓഫീസുകളിൽ സ്ഥാപിച്ചിട്ടുള്ള CCTV ക്യാമറ സിസ്റ്റത്തിന് AMC ഏർപ്പെടുത്തൽ | 4.31 |
| 8 | കാലപ്പഴക്കം ചെന്ന കംപ്യൂട്ടറുകൾ റീപ്ലെസ് ചെയ്യൽ | 30 |
| 9 | എൻ.ഡി.പി.എസ് ഗോഡൗണുകളുടെ നവീകരണം | 100 |
| 10 | Digital Video Camera & Hashing Devices | 35.66 |
| | **ആകെ** | **260** |

**II.വിമുക്തി 2039-00-001-88**

| ക്രമ | ഇനം | തുക (ലക്ഷത്തിൽ) |
|---|---|---|

| നമ്പർ | | |
|---|---|---|
| 1 | 14 ജില്ലാ ഡീ-അഡിക്ഷൻ സെന്ററുകൾ, സ്ത്രീകൾക്കും & കുട്ടികൾക്കുമുള്ള ഡീ-അഡിക്ഷൻ സെന്ററുകൾ മേഖലാ കൗൺസെലിംഗ് സെന്ററുകൾ എന്നിവിടങ്ങളിലെ താത്കാലിക /കരാർ ജീവനക്കാരുടെ വേതനം, 14 ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരുടെ താത്കാലിക കരാർ വേതനം | 583.402 |
| 2 | 14 ജില്ലാ ഡി-അഡിക്ഷൻ സെന്ററുകൾക്കും സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള പ്രത്യേക ചികിത്സ സൗകര്യങ്ങൾ എന്നിവയിലേക്ക് ആവശ്യമായ മരുന്ന്, വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ്, ആശുപത്രികളുടെ അറ്റകുറ്റ പണികൾക്കുള്ള ചെലവ്, ലാബ് ചാർജ്ജ്,മറ്റ് അനുബന്ധ ചെലവ് | 30 |
| 3 | 14 വിമുക്തി ജില്ലാ മാനേജർമാരുടെ ശമ്പളം മറ്റ് അലവൻസ് എന്നിവയ്ക്കുള്ള ചെലവ് | 218.73 |
| 4 | അഡ്മിനിസ്ട്രേറ്റീവ് ഓവർ ഹെഡ് | 25 |
| 5 | സ്കൂളുകളിൽ ആന്റി നാർക്കോട്ടിക് ക്ലബ്ബുകളുടെ ശക്തിപ്പെടുത്തൽ | 70 |
| 6 | ഉണർവ്വ് | 105 |
| 7 | ആദിവാസി / തീരപ്രദേശങ്ങളിലെ പ്രവർത്തനങ്ങൾ | 50 |
| 8 | എൻ.എസ്.എസ്/എസ്.പി.സി /എൻ.സി.സി/സ്കൗട്ട് ആൻഡ് ഗൈഡ്സ് /ആന്റി നാർക്കോട്ടിക് ക്ലബ്ബുകൾ, നേർക്കൂട്ടം (ശ്രദ്ധ കമ്മിറ്റികളുടെ ഭാഗമായ പ്രവർത്തനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, മറ്റ് വകുപ്പുകൾ കുടുംബശ്രീ, മറ്റ് വിവിധ സംഘടനകൾ മുതലായവയിലൂടെ വിവിധ പ്രവർത്തനങ്ങൾ. | 80 |
| 9 | വിവിധ മാധ്യമങ്ങളിലൂടെ പ്രചാരണം (അച്ചടി/ദൃശ്യ/ശ്രവ്യ മാധ്യമങ്ങൾ, '(KSRTC/Railway/Malls/സോഷ്യൽ മീഡിയ,etc... ) | 37.868 |
| | **ആകെ** | **1200** |

**III. <u>സംസ്ഥാന എക്സൈസ് അക്കാഡമിയുടെയും ഗവേഷണകേന്ദ്രത്തിന്റെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ</u>**

2039-00-800-96

| ക്രമ നമ്പർ | ഇനം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 50 KWP സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നത് | 37 |
| | ആകെ | 37 |

പൊതുവ്യവസ്ഥകൾ

1.സ്റ്റോർ പർച്ചേസ് മാന്വലിലെ നിലവിലെ ചട്ടങ്ങളും,നിർദേശങ്ങളും പാലിച്ചുകൊണ്ട് സുതാര്യമായ രീതിയിൽ മാത്രമേ ജോലികളും വാങ്ങലുകളും നടത്താവൂ.

2.ബന്ധപ്പെട്ട ശീർഷകത്തിലെ ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി മാത്രമേ ചെലവ് നടത്താവൂ.അധികഫണ്ട് യാതൊരു വിധത്തിലും അനുവദിക്കുന്നതല്ല.

3.ഭരണാനുമതി അനുസരിച്ചുള്ള രീതിയിൽ തന്നെയാണ് ഫണ്ട് ചെലവഴിക്കുന്നത് എന്നത് എക്സൈസ് കമ്മീഷണർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ ,തിരുവനന്തപുരം.
2.മെമ്പർ സെക്രട്ടറി ,കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ,തിരുവനന്തപുരം.
3.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്- ഇ.ആർ.എസ്.എ) കേരളം,തിരുവനന്തപുരം.
4.നികുതി (ജി) വകുപ്പ്
5.ധനകാര്യ വകുപ്പ്.
6.ഐ.റ്റി വകുപ്പ്
7.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ).
8.കരുതൽ ഫയൽ / ഓഫീസ് കോപ്പി.(TAXES-F3/111/2025/TD)

ഉത്തരവിൻ പ്രകാരം

**Signed by Hemalatha Das**
**Date: 16-06-2025 11:45:10**
സെക്ഷൻ ഓഫീസർ

പകർപ്പ് :- 1.ബഹു.തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2.നികുതി (എക്സൈസ് ) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്.
3.നികുതി വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി .എ യ്ക്ക്.